


# വിശുദ്ധ ദേവസഹായം പിള്ളയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമെ/ വിശുദ്ധരിൽ വസിക്കുകയും, വിശുദ്ധിയിലേക്ക് ഞങ്ങളെ വിളിക്കുകയും ചെയ്യുന്ന അങ്ങയെ/ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു./ അങ്ങയോടുള്ള സ്നേഹത്താൽ ജ്വലിച്ച്/ സർവ്വവും ത്യജിച്ച്/ കഠിനമായ പീഢനങ്ങളേറ്റ്/ കാറ്റാടിമലയിൽ/ ധീര രക്തസാക്ഷിത്വം വരിച്ച/ **വിശുദ്ധ ദേവസഹായം പിള്ളയെ** / ഭാരതസഭയ്ക്ക് അഭിമാനമായും/ ഞങ്ങൾക്ക് മാതൃകയും, മദ്ധ്യസ്ഥനുമായും നൽകിയതിനെയോർത്ത് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു./ "ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്"/ എന്ന് ഉദ്ഘോഷിച്ച വി. പൗലോസ് ശ്ലീഹായെപ്പോലെ / ജീവിതം കൊണ്ട് അങ്ങേയ്ക്ക് സാക്ഷ്യം നൽകാൻ/ **വിശുദ്ധ ദേവസഹായം പിള്ളയെ** അങ്ങ് അനുഗ്രഹിച്ചുവല്ലോ./ ഈ പുണ്യപിതാവിനോട് ചേർന്ന്/ അനുദിന ജീവിതത്തിലെ/ രോഗങ്ങളും, ക്ലേശങ്ങളും, സഹനങ്ങളും/ കുരിശിനോട് ചേർത്ത് രക്ഷാകരമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ./ തിരുസഭയോടുള്ള ആഴമായ സ്നേഹവും/ ഏത് പ്രതിസന്ധികൾക്കിടയിലും/ വിശ്വാസദീപം അഭംഗുരം കാത്തുസൂക്ഷിക്കാനുള്ള ധൈര്യവും/ ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ./ സ്നേഹപിതാവായ ദൈവമേ/ **വിശുദ്ധ ദേവസഹായം പിള്ളയുടെ** മദ്ധ്യസ്ഥതയിലൂടെ ഞങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങളും, ഇപ്പോൾ ഞങ്ങൾ യാചിക്കുന്ന/ പ്രത്യേക അനുഗ്രഹങ്ങളും... (നിയോഗം പറയുക) ഞങ്ങൾക്ക് നൽകണമേ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും. ആമ്മേൻ

നന്മനിറഞ്ഞ മറിയമേ സ്വസ്തി....

NB: എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10 മുതൽ വൈകുന്നേരം എട്ടുവരെ ദേവസഹായം പിള്ള ചാപ്പലിൽ ദിവ്യകാരുണ്യാരാധനയും, വി. കുമ്പസാരവും ഉണ്ടായിരിക്കും